ഹയർ സെക്കന്ററി ഡയറക്ടറുടെ
ഓഫീസ്, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം. അക്കാഡമിക് ബി1 /24627/07/ഹ.സെ.വി      തീയതി : 23.07.2010**

## സർക്കുലർ

വിഷയം :ഹയർ സെക്കന്ററി - പഠനയാത്രകൾ നടത്തുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്

സൂചന : 02.03.2007 ലെ ജി.ഒ (എം.എസ്) നമ്പർ 51/07/പൊ.വി.വ

ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും പഠനയാത്രകൾ നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് ബന്ധപ്പെട്ട മേഖലാ ഉപമേധാവികളെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം അനുമതി നൽകുമ്പോൾ സൂചന സർക്കാർ ഉത്തരവിലെ പ്രസക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയിരിക്കേണ്ടതാണ്.

ഡയറക്ടർ

പകർപ്പ് - (വെബ്സൈറ്റ് മുഖാന്തിരം)

1. മേഖലാ ഉപമേധാവികൾ
   (തിരുവനന്തപുരം /എറണാകുളം,/കോഴിക്കോട്)
2. പ്രിൻസിപ്പൽ, എല്ലാ സ്കൂളുകളും

GOVERNMENT OF KERALA

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - സ്കൂൾ പഠനയാത്ര മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

ജി.ഒ(എം.എസ്)നം.51/07/പൊവിവ തീയതി, തിരുവനന്തപുരം, 2/3/2007.

പരാമർശം: 26.2.07-ലെ ജി2/14749/07 നമ്പരിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്.

ഉത്തരവ്

അടുത്തകാലത്തായി സ്കൂൾ പഠനയാത്രയുമായി ബന്ധപ്പെട്ട് പലപ്പോഴും അപകടങ്ങൾ ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഠനയാത്രയ്ക്കായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠനയാത്രയെ സംബന്ധിച്ച് താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. പഠനയാത്രയ്ക്കായി തെരഞ്ഞെടുക്കുന്ന സ്ഥലം, യാത്രാപരിപാടികൾ, താമസം എന്നിവ സ്കൂൾ അഡ്വൈസറി പി.ടി.എ എക്സിക്യൂട്ടീവിൽ മുൻകൂട്ടി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.
2. വിനോദയാത്രാ സംഘം സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സവിശേഷതകൾ, സുരക്ഷാ സംവിധാനം എന്നിവയെക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതിനായി ആ പ്രദേശത്തെ ബന്ധപ്പെട്ട അധികാരികളിൽനിന്ന് ആവശ്യമെങ്കിൽ മുൻകൂർ അനുമതി രേഖാമൂലം വാങ്ങിയിരിക്കേണ്ടതാണ്.
3. പഠനയാത്രയ്ക്കുള്ള പരിപാടി തയ്യാറാക്കുമ്പോൾ വിദ്യാഭ്യാസപരമായ പ്രസക്തിയും ഉദ്ദേശവും പരിഗണിച്ചുകൊണ്ട് യാത്രയ്ക്കുള്ള സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ തെരഞ്ഞെടുക്കേണ്ടതാണ്.

തപത്രം മുൻകൂട്ടി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

പഠനയാത്രയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളിൽ നിന്നും സമ്മതപത്രം കാലേക്കൂട്ടി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

5. പഠനയാത്രക്ക് പുറപ്പെടുന്ന വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണെന്ന് മുൻകൂട്ടി ഉറപ്പാക്കിയിരിക്കേണ്ടതാണ്.
6. പ്രധാനാദ്ധ്യാപകനോ, സീനിയർ അസിസ്റ്റന്റോ യാത്രാ സംഘത്തെ അനുഗമിക്കേണ്ടതാണ്.
7. പഠനയാത്രാസംഘത്തിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:15 എന്ന് നിശ്ചയിക്കേണ്ടതാണ്. വിദ്യാർത്ഥിനികളുണ്ടെങ്കിൽ 15 പേർക്ക് ഒരാൾ വീതം അദ്ധ്യാപികമാരുണ്ടാവണം. കൂടാതെ അദ്ധ്യാപകരുള്ള സ്കൂളുകളിൽ അവരും സംഘത്തിലുണ്ടാവണം. രക്ഷിതാക്കളുടെ പ്രതിനിധികൾക്കും യാത്രയിൽ പങ്കെടുക്കാവുന്നതാണ്. അദ്ധ്യാപകരോ രക്ഷിതാക്കളോ അല്ലാത്തവർ കുട്ടികളോടൊപ്പം യാത്രാസംഘത്തിൽ ഉണ്ടായിരിക്കാൻ പാടില്ല.
8. ഏറ്റവും സുരക്ഷിതമായിട്ടുള്ള വാഹനം മാത്രമേ യാത്രക്കായി തെരഞ്ഞെടുക്കാവൂ. അതുപോലെ വാഹനത്തിന്റെ അമിത വേഗത നിയന്ത്രിക്കേണ്ടതും ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ബസ്, ബോട്ട്, മറ്റ് വാഹനങ്ങൾ എന്നിവയിൽ നിയമപ്രകാരം അനുവദിച്ച എണ്ണം ആളുകളെ മാത്രമേ കയറ്റുന്നുള്ളൂവെന്ന് ഉറപ്പാക്കേണ്ടത് സംഘം തലവന്റെ ചുമതലയും ബാധ്യതയുമാണ്.
9. ജലയാത്രകൾ, വനത്തിലൂടെയുള്ള യാത്രകൾ, വന്യമൃഗസങ്കേതങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് സന്ദർശനം നടത്തുമ്പോൾ ബന്ധപ്പെട്ട അധികാരികളെ മുൻകൂട്ടി അറിയിച്ച് സുരക്ഷാക്രമീകരണങ്ങൾ ഉറപ്പാക്കുകയും, അവരുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചാണ് സന്ദർശനം നടത്തുന്നത് എന്ന് ഉറപ്പാക്കുകയും വേണം. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുമ്പോൾ അംഗീകൃത ഗൈഡുകളുടെ സേവനം ഉപയോഗിക്കേണ്ടതാണ്.
10. പാർക്കുകൾ, മ്യൂസിയം, ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ എന്നിവ സന്ദർശിക്കുമ്പോൾ വൈദ്യുത സംവിധാനം ഉപയോഗിച്ചുള്ള റോപ്പ് വേ, അമ്യൂസ്മെന്റ് ഉപകരണങ്ങൾ/സംവിധാനങ്ങൾ എന്നിവ കഴിവതും ഒഴിവാക്കേണ്ടതാണ്.

യാത്രാ സംഘത്തിന്റെ ഘടന, ഓരോ ദിവസവും സന്ദർശിക്കുന്ന സ്ഥലം, ഓരോ ദിവസവും താമസസ്ഥലത്തു നിന്നും പുറപ്പെടുന്നതും തിരിച്ചെത്തുന്നതുമായ സമയം എന്നിവ വ്യക്തമാക്കുന്ന വിനോദയാത്രാ സംഘത്തിന്റെ ലീഡർ സൂക്ഷിക്കേണ്ടതും പകർപ്പ് സ്കൂളുകളിലും ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് മുൻകൂർ സമർപ്പിച്ചിരിക്കേണ്ടതുമാണ്.

12. വിനോദയാത്രയ്ക്കിടയിൽ സുരക്ഷിതവും നിലവാരമുള്ളതുമായ താമസസൗകര്യം ക്രമീകരിക്കുന്നതിനും ശുചിത്വവും ആരോഗ്യകരവുമായ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

13. രാത്രി 9 മണിക്ക് ശേഷമുള്ള യാത്രയും രാവിലെ 6 മണിക്ക് മുമ്പുള്ള യാത്രയും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

14. ആധുനിക വാർത്താവിനിമയ സംവിധാനങ്ങൾ (മൊബൈൽ ഫോൺ പോലുള്ളവ) കരുതിവേണം യാത്ര പുറപ്പെടേണ്ടത്.

15. യാത്രാവസാനം വിദ്യാർത്ഥികൾ രക്ഷാകർത്താക്കളുടെ സമീപം സുരക്ഷിതമായി എത്തിച്ചേർന്നുവെന്നുറപ്പുവരുത്തേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതുമാണ്.

16. പഠനയാത്രയ്ക്കുള്ള സ്ഥലങ്ങൾ പലപ്പോഴും വളരെ അകലെയുള്ള സ്ഥലങ്ങളാണ് തെരഞ്ഞെടുക്കാറുള്ളത്. ആയതുകൊണ്ട് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഇതിൽ പങ്കാളിയാവാൻ പലപ്പോഴും സാധിക്കാറില്ല. അതിനാൽ ഇത്തരം കുട്ടികൾക്ക് കൂടി സാമ്പത്തികമായി താങ്ങാവുന്ന സ്ഥലങ്ങൾ മാത്രമേ ഇതിനായി തെരഞ്ഞെടുക്കുന്നുള്ളൂ എന്ന് ഉറപ്പാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ശ്രീ.കെ.മോഹൻദാസ്,
ഡെപ്യൂട്ടി സെക്രട്ടറി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.